HLM-0175

The Heavenly Light Ministry

ആണികളേററ പാണികളാലെ
അനുദിനമവനെന്നെ നടത്തിടുന്നു
ജീവിതഭാര ചുമടുകളാകെ
അവൻ ചുമന്നെന്നെ പുലർത്തിടുന്നു
ആകയാലാകുലമില്ലെനിക്കില്ലാ
ആനന്ദമായൊരു ജീവിതമാം ... ആണി

അറിഞ്ഞവനെന്നെ കരുതിടുമെന്നും
അരുമയിൽ കാത്തിടും ചിറകടിയിൽ
പാരിലെൻ ജീവിത യാത്രയിലെന്റെ
പിരിയാതെ കൂടെ വരുന്നവനാം ... ആണി

ഏതൊരു നാളും യേശു എന്നിടയൻ
എനിക്കൊരു കുറവും വരികയില്ല
അനുഗ്രഹമാണെന്റെ ജീവിതമിന്ന്
അനുഭവിച്ചറിയുന്നു ഞാനവനെ .. ആണി

ഉലകിലെല്ലാരും പ്രതികൂലമായാലും
ഉലയുകയില്ല ഞാൻ പതറുകില്ല
ഉയിരുള്ള നാളെല്ലാം ഞാനവനായി
ഉണർന്നു വിശ്വാസത്തിൻ വേലചെയ്യും ... ആണി